Passed on: 16/12/15

# 2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## 2015-2016 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്ന

ഒരു

ബിൽ

പീഠിക.—2015-2016 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 2015-2016 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽനിന്നും 302,54,62,000 രൂപ നൽകൽ.—2015-2016 സാമ്പത്തിക വർഷത്തിൽ വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിനായി പട്ടികയിലെ (2)-ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3)-ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും, മൊത്തം മുന്നൂറ്റി രണ്ട് കോടി അൻപത്തിനാല് ലക്ഷത്തി അറുപത്തിരണ്ടായിരം രൂപ മാത്രം വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം.—ഈ ആക്റ്റ് പ്രകാരം കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ 2015-2016 സാമ്പത്തിക വർഷം സംബന്ധിച്ച് പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

KNPP. 1294/2015.

## പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| (1) | | (2) | | (3) | | |
|---|---|---|---|---|---|---|
| | | | | കവിയാൻ പാടില്ലാത്ത തുകകൾ | | |
| ക്രമ നമ്പർ | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | നിയമസഭ വോട്ട് ചെയ്തത് (രൂപ) | സഞ്ചിതനിധിയിൻമേൽ ചാർജ് ചെയ്തത് (രൂപ) | ആകെ (രൂപ) |
| 1 | II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | റവന്യൂ | 1,000 | .. | 1,000 |
| 2 | XI | ജില്ലാഭരണവും പലവകയും | റവന്യൂ | 2,000 | .. | 2,000 |
| 3 | XII | പോലീസ് | റവന്യൂ | 3,000 | .. | 3,000 |
| | | | മൂലധനം | 1,000 | .. | 1,000 |
| 4 | XV | പൊതുമരാമത്ത് | റവന്യൂ | 175,00,00,000 | .. | 175,00,00,000 |
| 5 | XVII | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | റവന്യൂ | 37,00,02,000 | .. | 37,00,02,000 |
| | | | മൂലധനം | 1,000 | .. | 1,000 |
| 6 | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | റവന്യൂ | 21,49,02,000 | .. | 21,49,02,000 |
| | | | മൂലധനം | 3,60,00,000 | .. | 3,60,00,000 |
| 7 | XXI | ഭവന നിർമ്മാണം | മൂലധനം | 1,000 | .. | 1,000 |
| 8 | XXII | നഗരവികസനം | റവന്യൂ | 3,75,01,000 | .. | 3,75,01,000 |
| 9 | XXIII | വാർത്താവിതരണവും പ്രചരണവും | റവന്യൂ | 1,000 | .. | 1,000 |

| | | | | | | |
|---|---|---|---|---|---|---|
| 10 | XXV | പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റ് പിന്നാക്ക/ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | റവന്യൂ | 43,26,80,000 | .. | 43,26,80,000 |
| 11 | XXVII | സഹകരണം | റവന്യൂ | 1,000 | .. | 1,000 |
| 12 | XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | റവന്യൂ | 7,00,000 | .. | 7,00,000 |
| 13 | XXIX | കൃഷി | മൂലധനം | 5,00,01,000 | .. | 5,00,01,000 |
| 14 | XXX | ഭക്ഷ്യം | റവന്യൂ | 10,80,000 | .. | 10,80,000 |
| | | | മൂലധനം | 1,000 | .. | 1,000 |
| 15 | XXXI | മൃഗസംരക്ഷണം | റവന്യൂ | 80,01,000 | .. | 80,01,000 |
| 16 | XXXIII | മത്സ്യബന്ധനം | റവന്യൂ | 2,56,72,000 | .. | 2,56,72,000 |
| 17 | XXXVII | വ്യവസായങ്ങൾ | മൂലധനം | 9,44,02,000 | .. | 9,44,02,000 |
| 18 | XLVI | സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | റവന്യൂ | 7,40,000 | .. | 7,40,000 |
| | | | മൂലധനം | 37,69,000 | .. | 37,69,000 |
| | | | ആകെ | 302,54,62,000 | .. | 302,54,62,000 |